### റഷ്യൻ, തൻസാനിയൻ, ഏത്യോപ്യൻ കലാകാരൻമാരുമായി

# ജെമിനി സർക്കസ്

## ഫ്ളവർ ഷോ ഗ്രൗ□്, ബൈപ്പാസ് റോഡ്, കൽപ്പറ്റ, വയനാട്

1951ൽ എം.വി.ശങ്കരന്റേയും സഹദേവന്റേയും നേതൃത്വത്തിൽ ആരംഭിച്ച ജെമിനി സർക്കസ്സിൽ 1953-ൽ ടി.കെ.കുഞ്ഞിക്കണ്ണനും കെ. എസ്.മേനോനും പാർട്ണർമാരായി ചേർന്നുവെങ്കിലും രണ്ടു വർഷത്തിനുശേഷം മേനോൻ ജെമിനി വിട്ട് പുതിയൊരു സർക്കസ്സ് കമ്പനി ആരംഭിച്ചു. എന്നാൽ കുഞ്ഞിക്കണ്ണൻ 24 വർഷം ജെമിനിയോടൊപ്പമായിരുന്നു. ഇന്ന് സർക്കസ്സിന് രണ്ട് പാർട്ണർമാരാണുള്ളത്. എം.വി.ശങ്കരന്റെ മക്കളായ അജയ് ശങ്കറും അശോക് ശങ്കറും.

കാണികളെ അത്ഭുത പരതന്ത്രരാക്കുന്ന, ആവേശപ്പെടുത്തുന്ന അഭ്യാസ ഇനങ്ങളിൽ ചിലത്....**അമേരിക്കൻ സ്പേസ് വീൽ, അയേൺ ബോൾ,വെയിറ്റ് ലിഫ്റ്റിങ് ആക്റ്റ്** എന്നിവയാണ് പ്രധാന ആകർഷണം. നിറഞ്ഞ കൈയ്യടിയോടെയാണ് കാണികൾ സ്വീകരിക്കുന്നത്. മറ്റു ഇനങ്ങൾ:**1. ലിംബോ ഡാൻസ് & ഫയർ ഈറ്റിങ്ങ് : ആഫ്രിക്കൻ സംഗീതത്തിന്റെയും വന്യമൃഗങ്ങളുടെ ഘോരശബ്ദങ്ങളുടെയും പശ്ചാത്തലത്തിൽ തികച്ചും അന്യാദൃശ്യവുമായ പ്രകടനം, 2. ഫയർ ഡാൻസ് : എട്ടിഞ്ച് മാത്രം ഉയരമുള്ള കത്തുന്ന ഇരുമ്പുകമ്പിയുടെ താഴെ അതിസാഹസീകമായ അതിവേഗതയിൽ നടത്തുന്ന അഭ്യാസപ്രകടനം, 3. പോൾ ആക്രോബാറ്റിക്സ് : നാട്ടിനിർത്തിയ പൈപ്പിൽക്കൂടി മിന്നൽവേഗതയിൽ കയറുന്നതും ഇറങ്ങുന്നതും കാണുന്ന കാഴ്ച പ്രായഭേദമന്യേ ഏവരെയും ആകർഷിക്കുന്നു.4. ഹ്യൂമൺ പിരമിഡ് : അതിവേഗതയിൽ, വ്യത്യസ്തങ്ങളായി നിർമ്മിക്കപ്പെടുന്ന മനുഷ്യപിരമിഡുകൾ,കുട കൊണ്ടുള്ള അഭ്യാസപ്രകടനം,കയർ കൊണ്ടും,റോളർ കൊണ്ടുമുള്ള ജഗ്ളിങ് തുടങ്ങിയ അസാമാന്യമികവും ഏകാഗ്രതയും ഒത്തിണങ്ങുന്ന അപൂർവ്വമായ പ്രകടനങ്ങൾ.ഹ്യൂമൺ പിരമിഡ്,ജിംനാസ്റ്റിക്**

2റഷ്യൻ, 7തൻസാനിയൻ, 2ഏത്യോപ്യൻ കലാകാരൻമാർ ഉൾപ്പെടുന്ന 11 അംഗവിദേശസംഘമാണ് തനിമയും മെയ് വഴക്കവും ഏകാഗ്രതയും ഒത്തിണങ്ങിയ അതിസാഹസികമായ അഭ്യാസ പ്രകടനം കാഴ്ച വെക്കുന്നത്, **റഷ്യൻ കലാകാരൻമാരായ ഫാത്തിമ അസമോവ (33 (ഇനം: ഉപകരണങ്ങളോടു കൂടിയ ഫുട്ട് ജഗ്ളിങ്), ഒസോദ് ഷേർഖാൻ അക്സറോവ് (40 ഇനം: വെയ്റ്റ് ലിഫ്റ്റിങ്) ഏത്യോപ്യൻ കലാകാരൻമാരായ മാർഗ് ടെസ്ഫായ് കിഡനെമറിയം(27), അലം സിഗായ് ജെബ്രിമദൻ (22) (ഇനം: ഡബിൾ ഫുട്ട് ജഗ്ളിങ്) തൻസാനിയൻ, കലാകാരൻമാരായ മുഹമ്മദ് അബ്ദുള്ള മ്ൻവുഗ(32), രജബു അബ്ദുള്ള മുഷി (31), ഒമാരി കിജുംബെ കിലാമ(35), സാലും മകംഗാ മകംബ(32), സമീറി മൊഹമ്മദി മടിൻഡുവ(19), റമദാൻ കുൽവ മഫുത (20), , കാലിദ് റമദാൻ ന്ജിംബ (43), (ഇനം: ഫയർ ഡാൻസ്, പോൾ ആക്രോബാറ്റിക്സ്, ഹ്യൂമൺ പിരമിഡ്,ജിംനാസ്റ്റിക് ആക്രോബാറ്റിക്സ്)** എന്നിവരാണ് സംഗത്തിലുള്ളത്.

നേപ്പാളി സ്വദേശികളായ ഭൂഷണും മേനുകയും ചെയ്യുന്ന ഡബിൾ സാരി ആക്രോബാറ്റ് മറ്റൊരു സാഹസിക ഇനമാണ്. 35 അടി ഉയരത്തിൽ ചെയ്യുന്ന ഈ പ്രകടനം മെയ്യ് വഴക്കത്തിന്റെ ഒരു മികച്ച പ്രദർശനമാണ്. ഡബിൾ ബോൺലെസ്സ് ആക്ട് മറ്റൊരു ആകർഷണീയ ഇനമാണ്. ശരീരത്തിനെ ഒരു റബ്ബർ തുണ്ടുപോലെ വളച്ചൊടിക്കുന്ന വിസ്മയിപ്പിക്കുന്ന പ്രകടനമാണ് . ഗ്ലോബിനുള്ളിൽ മോട്ടോർ സൈക്കിൾ അഭ്യാസ പ്രകടനം, സാരി ആക്രോബാറ്റ്, സ്പ്രിങ്ങ് ബോർഡ് ആക്രോബാറ്റ്, റഷ്യൻ റോപ്പ് ആക്രോബാറ്റ്, ഫയർ ഡാൻസ്, സ്കേറ്റിങ്ങ്, ഫ്ളയിങ്ങ് ട്രപ്പീസിൽ മുതലായവ മറ്റ് പ്രത്യേകതകളാണ്. സ്പേസ് വീൽ ആക്ട് മറ്റൊരു പ്രധാന ആകർഷണമാണ്. **മറ്റു ദമ്പതികളായ കലാകാരൻമാർ: ബീർബെൽ (ഗോരഗ്പൂർ,യുപി) റീന(നേപ്പാൾ)വിക്കുവും സാനിയയും**

കുട്ടികൾക്കും സ്ത്രീകൾക്കും ഏറെ പ്രിയങ്കരമായ സിംഹം,ജിറാഫ്,ഹിപ്പൊപ്പൊട്ടാമസ്, സീബ്ര, പുലി, മാൻ തുടങ്ങിയ ചലിക്കുന്ന റോബോട്ടിക് മൃഗങ്ങളുടെ കായികപ്രകടനങ്ങൾ ജെമിനി സർക്കസിനെ കൂടുതൽ ആസ്വാദ്യകരമാക്കുന്നു.

**പുതിയ ഇനങ്ങൾ: റോളർ ആക്ട്, ലേഡർ ആക്രോബാറ്റ്, റഷ്യൻ സ്റ്റാച്ചു ആക്ട്, ഡബിൾ റിങ് ആക്ട്, ഡബിൾ സാരി ആക്ട്, ജഗ്ളിങ്**
ഫിബ്രവരി 3-ന് തുടങ്ങുന്ന ഈ പ്രദർശനം ഏകദേശം 1 മാസം നീണ്ടു നിൽക്കുന്നതാണ്. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഈ പരിപാടിയിൽ 28 മുതൽ 30 ഇനങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

**ദിവസേനമൂന്ന് പ്രദർശനങ്ങൾ: 1 മണി, 4 മണി, 7 മണി, ടിക്കറ്റ് നിരക്ക്: Rs.100/-, 150/-,200/-, 300/-,**

**Adv Booking: Rs.300/-, Mob: 9353620520 / 9934405099**

**പാർട്ണർമാർ: അജയ് ശങ്കർ, അശോക് ശങ്കർ,**